DESPATCHED On 5/5/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2036(5)/20/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9038/SIC-G7/2020**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 08.04.2022**

ശ്രീ.ആർ.സിദ്ധാർത്ഥൻ,
കമല നിവാസ് (പ്രായിൽ),
സി.എം.സി.12, ചേർത്തല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ചേർത്തല നഗരസഭ.,
   ആലപ്പുഴ – 688 524.

2. അപ്പീൽഅധികാരി,
   ചേർത്തല നഗരസഭ.,
   ആലപ്പുഴ – 688 524.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 29.10.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 15.11.2019 |
| ഒന്നാംഅപ്പീൽ | 21.11.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 03.12.2019 |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 14.09.2020 |
| ഹിയറിംഗ്തീയതി, സ്ഥലം | 10.02.2022, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ചേർത്തല മുനിസിപ്പാലിറ്റി V/509 to V/525, V/512 A-B-C നമ്പർ കെട്ടിടം പണിയാൻ അപേക്ഷ തന്നതു മുതൽ ഇന്നേ ദിവസം വരെ ടി കെട്ടിടത്തെ സംബന്ധിച്ച് ടിയാനും മറ്റു വ്യക്തികളും തന്ന പരാതികൾ, കേസുകൾ ഉൾപ്പെടെയുള്ള ഫയലുകളും

അനുബന്ധ റിക്കാർഡുകളും പരിശോധിക്കുവാൻ ലഭ്യമാക്കണമെന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ട് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അതിനും യാതൊരു നടപടിയും ഉണ്ടായില്ലെന്ന് പരാതിപ്പെട്ടുകൊണ്ടാണ് ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്.

2. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപ്പീലുകൾക്കും അപേക്ഷകൾക്കും ആസ്പദമായ അപേക്ഷകളിൽ മുഴുവൻ ടിയാൻ നഗരസഭ 5–ാം വാർഡിലെ 509 മുതൽ 525 വരെ കെട്ടിട നമ്പരുള്ള കടമുറികളുടെ ജമമാറ്റം സംബന്ധിച്ച ഫയലും അനുബന്ധ രേഖകളുമാണ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നതെന്നും റവന്യൂ വിഭാഗം എസ്.പി.ഐ.ഒ ടിയാന് രേഖകൾ പരിശോധിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഫീസിൽ ലഭ്യമായ രേഖകൾ പരിശോധിച്ചിട്ടുള്ളതും ടിയാന് ആവശ്യമുള്ള പകർപ്പുകൾ ഫീസടച്ച് കൈപ്പറ്റിയിട്ടുള്ളതാണെന്നും ടിയാൻ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഏകദേശം 40 വർഷത്തിനു മുകളിൽ പഴക്കമുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കാലഹരണപ്പെട്ട രേഖകളും ഫയലുകളുമാണ് ആവശ്യപ്പെട്ടിരുന്നതെന്നും നഗരസഭയിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും ടിയാൻ ഫീസ് ഒടുക്കി കൈപ്പറ്റിയിട്ടുള്ളതാണെന്നും കാലപ്പഴക്കം ചെന്ന രേഖകൾ കണ്ടെത്താനായിട്ടില്ലെന്ന വിവരം പരിശോധനാ വേളയിൽ ടിയാനെ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും നഗരസഭയിലെ പല ഫയലുകളും രജിസ്റ്ററുകളും കാലപ്പഴക്കം മൂലവും നിരന്തരമായി കൈകാര്യം ചെയ്യുന്നത് മൂലവും ജീർണ്ണിച്ചു പോകുന്ന അവസ്ഥയിലാണെന്നും പൊതുജനങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ട ജീവനക്കാരുടെ വിലപ്പെട്ട സമയം തികച്ചും ടിയാൻ നൽകുന്ന യാതൊരു പൊതു താൽപ്പര്യവുമില്ലാത്ത

വിഷയവുമായി ബന്ധപ്പെട്ട് വിനിയോഗിക്കേണ്ട അവസ്ഥയിലാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

3. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഇതുവരെ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും കെട്ടിടത്തെ സംബന്ധിച്ച് ആവശ്യപ്പെട്ട വിവരം ലഭ്യമായില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയ്ക്ക് ഏത് രൂപത്തിലാണെങ്കിലും മറുപടി നൽകേണ്ടതും ഫീസ് ഈടാക്കേണ്ടതാണെങ്കിൽ പേജ് എണ്ണവും അറിയിക്കേണ്ടതുമാണ്. ഇവിടെ വിവരാവകാശ അപേക്ഷയ്ക്ക് ഫയൽ പരിശോധിക്കാതെയാണ് ഹർജിക്കാരനോട് നേരിട്ട് ഹാജരായി ഫയൽ പരിശോധിക്കാൻ എസ്ാപി.ഐ.ഒ മറുപടി നൽകിയതെന്നാണ് കമ്മീഷൻ വിലയിരുത്തുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണമായ വിവരം എസ്.പി.ഐ.ഒ. നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരൻ 29.10.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഏപ്രിൽ മാസം 8–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻസെക്രട്ടറി

Jn